Draft #1 of File 80339/ACB5 SO/2021/AC B 5 Approved by ASSISTANT REGISTRAR I (ACADEMIC) on 08-May-2021 12:34 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്വകാര്യ എയ്ഡഡ് കോളേജുകൾ - അദ്ധ്യാപകരുടെ സ്ഥാനക്കയറ്റ അംഗീകാര ശുപാർശകൾ സർ വകലാശാലയിൽ സമർപ്പിക്കുന്നതിനുള്ള നടപടി ക്രമം - അഫിലിയേഷനും അപ്രൂവലിനും വേണ്ടിയുള്ള സിൻഡിക്കേറ്റ് ഉപസമിതിയുടെ ശുപാർശ - അംഗീകരിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു .

**അക്കാദമിക് ബി 5 സെക്ഷൻ**

നമ്പർ. 2352/AC B 5/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 08.05.2021

*പരാമർശം:-*അഫിലിയേഷനും അപ്രൂവലിനും വേണ്ടിയുള്ള സിൻഡിക്കേറ്റ് ഉപസമിതിയുടെ 21.04.2021 തീയതിയിലെ യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ OA 1

**ഉത്തരവ്**

21.04.2021 തീയതിയിൽ കൂടിയ അഫിലിയേഷനും അപ്രൂവലിനും വേണ്ടിയുള്ള സിൻഡിക്കേറ്റ് ഉപസമിതി സൂചന പ്രകാരം താഴെ പറയുന്ന വിധത്തിൽ ശുപാർശ ചെയ്തിരിക്കുന്നു .

"സർവകലാശാലയുടെ നിയമനാംഗീകാരമുള്ള പ്രിൻസിപ്പൽമാരുടെ അഭാവത്തിൽ യു ജി സി റെഗുലേഷൻസ് അനുശാസിക്കുന്ന യോഗ്യതയുള്ളവരെ പ്രിൻസിപ്പൽമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ആയത് പൂർത്തിയാകുന്നത് വരെ അതത് കോളേജുകളിലെ ഏറ്റവും മുതിർന്ന അദ്ധ്യാപകനെ പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ആയി നിയമിക്കുന്നതിനുമുള്ള നടപടികൾ 2020 ജൂൺ 30 ന് മുൻപ് പൂർത്തികരിക്കേണ്ടതാണെന്നും മാനേജർമാർക്ക് നിർദേശം നൽകിയിരുന്നു. എന്നാൽ ഇത്തരത്തിൽ കോളേജുകളിലെ മുതിർന്ന അദ്ധ്യാപകനെ പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ആയി നിയമിക്കുന്നതിന് മാനേജ്മെന്റുകളുടെ ഭാഗത്തു നിന്നും വലിയ തരത്തിൽ കാലവിളംബം ഉണ്ടാകുന്നതിനാൽ പ്രസ്തുത കോളേജുകളിലെ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട ഫയലുകൾ സർവകലാശാലയിലേക്ക് സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുള്ള സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകുന്നതിന് ശുപാർശ ചെയ്യുന്നു.

1. സർവകലാശാല മാനദണ്ഡങ്ങൾ അനുസരിച്ച് പ്രിൻസിപ്പൽ നിയമനം നടത്തിയതിനുശേഷം പ്രസ്തുത നിയമനം അംഗീകരിക്കുന്നതിനായി സർവകലാശാലയിൽ സമീപിച്ചിട്ടുള്ള കൊളേജുകൾക്ക് പ്രിൻസിപ്പലായി നിയമനം നൽകിയിട്ടുള്ള അദ്ധ്യാപകന് DDO ആയി നിയമനാംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ടിയാന് തങ്ങളുടെ കോളേജിലെ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റ ഫയലുകൾ സർവകലാശാലക്ക് സമർപ്പിക്കാവുന്നതാണ്. പ്രിൻസിപ്പലായി നിയമനം ലഭിച്ച അദ്ധ്യാപകന് DDO ആയി നിയമനാംഗീകാരം ലഭിച്ചിട്ടില്ല എങ്കിൽ തങ്ങളുടെ കോളേജിലെ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട ഫയലുകൾ സർവകലാശാല അംഗീകരിച്ച ടി കോളേജിലെ DDO ഒപ്പിട്ട് മാനേജർ മേൽ ഒപ്പ് വച്ച് സർവകലാശാലയിൽ സമർപ്പിക്കാവുന്നതാണ്.

2.പ്രിൻസിപ്പൽ തസ്തികയിലേക്ക് സ്ഥിരനിയമനം നടത്തിയിട്ടില്ലാത്ത കോളേജുകളിൽ മൂന്ന്

മാസങ്ങൾക്കുള്ളിൽ പ്രിൻസിപ്പൽ നിയമനത്തിനുള്ള നടപടികൾ പൂർത്തീകരിച്ചു കൊള്ളാമെന്നും ഇതിൽ കാലതാമസം വരുന്ന പക്ഷം സർവകലാശാല സ്റ്റാറ്റിയൂട്ട് പ്രകാരം പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ആയി ഏറ്റവും മുതിർന്ന അദ്ധ്യാപകന് ചുമതല നല്കാമെന്നുമുള്ള നിർദിഷ്ട കോളേജിന്റെ മാനേജരുടെ സത്യവാങ്മൂലം സഹിതം തങ്ങളുടെ കോളേജിലെ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച ഫയലുകൾ സർവകലാശാല അംഗീകരിച്ച ടി കൊളേജിലെ DDO ഒപ്പിട്ട് മാനേജർ മേൽ ഒപ്പ് വച്ച് സർവകലാശാലയിൽ സമർപ്പിക്കാവുന്നതാണ്. "

ടി ശുപാർശ മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 ,അദ്ധ്യായം 3 , വകുപ്പ് 10 (17) പ്രകാരം, വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
2. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കോട്ടയം/എറണാകുളം
3. എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾ മാർക്കും (ഇ -മെയിൽ മുഖേന )
4. വി.സി /പി.വി.സി യുടെ പ്രൈവറ്റ് സെക്രട്ടറി
5. രജിസ്ട്രാറുടെ പി.എ
6. എ സി സി I / എ സി സി II സെക്ഷൻ
7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ ക്യൂ എ സി / പി ആർ ഒ
8 .സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി/ റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 80339/ACB5 SO/2021/AC B 5 Approved by ASSISTANT REGISTRAR I (ACADEMIC) on 08-May-2021 12:34 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം